# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :3675 — 20-10-2016 ൽ മറുപടിക്ക്

## ഹരിപ്പാട് കുമാരപുരം പഞ്ചായത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് / അസാപ് സെന്റർ

**ചോദ്യം** — **ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ

പ്രൊഫ.സി.രവീന്ദ്രനാഥ്
( വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം അനുസരിച്ച് ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കുമാരപുരം പഞ്ചായത്തിൽ അനുവദിച്ചിരുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്ക് / അസാപ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | (എ) & (ബി) | ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കുമാരപുരം പഞ്ചായത്തിലെ Survey No.364/19-ൽ പ്പെട്ട ഒരു സ്ഥലത്ത് നിന്നും 50 സെന്റ് സ്ഥലം മാത്രമേ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനായി അസാപ്പിന് നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് അറിയിച്ചിരുന്നു. പ്രസ്തുത സ്ഥലത്തേക്കുള്ള വഴിയുടെ വീതി 2.70 മീറ്റർ മാത്രമാണുള്ളത്. കമ്മ്യൂണിറ്റി സ്കിൽ പാർക്ക് പണിയുന്നതിന് കുറഞ്ഞത് 5.5 മീറ്ററെങ്കിലും വീതിയുള്ള ഒരു അപ്രോച്ച് റോഡ് ആവശ്യമാണ്. ഏകദേശം 25000 ചതുരശ്ര അടി വരുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്ക് പണിയുവാൻ ഒരേക്കറിനോളം സ്ഥലം ആവശ്യമാണ്. നിർദ്ദേശിക്കപ്പെട്ട സ്ഥലം കമ്മ്യൂണിറ്റി സ്കിൽ പാർക്ക് പണിയുവാൻ പര്യാപ്തമല്ല എന്ന് കണ്ടെത്തിയതിനാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (ബി) | ഇതു സംബന്ധിച്ച് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ; | | |
| (സി) | അസാപ് സെന്ററിന്റെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | അനുയോജ്യമായ സ്ഥലം ലഭിക്കുകയാണെങ്കിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ